# വിശ്വാസി

ക്രിസ്തീയ വിശ്വാസത്തിന്റെ പ്രതീകം

VOL. 16 No. 8 | PUBLISHED FROM DELHI | PRICE Rs. 3/- | AUGUST 2012


## ദൈവസഭയുടെ മുന്നേറ്റത്തിന് ഐക്യം അനിവാര്യം: പാസ്റ്റർ എം. സാമുവൽകുട്ടി

**അടൂർ:** ദൈവസഭയുടെ മുന്നേറ്റത്തിന് ഐക്യം അനിവാര്യമാണെന്ന് പാസ്റ്റർ എം. സാമുവൽകുട്ടി പ്രസ്താവിച്ചു. അടൂർ ഫെയ്ത്ത് സെലിബ്രേഷൻ ബൈബിൾ കോളജിൽ നടന്ന പ്രത്യേക ചാപ്പൽ സർവീസിൽ ഫിലിപ്പ്യലേഖനം 2-ാം അദ്ധ്യായം 2-ാം വാക്യത്തെ ആസ്പദമാക്കി വചനം ശുശ്രൂഷിക്കുകയായിരുന്നു കോളജിന്റെ ഡയറക്ടർ ആയ അദ്ദേഹം. ഇന്നു ലോകമെങ്ങും അനൈക്യത്തിന്റെ ഭാവം വ്യാപിച്ചിരിക്കുകയാണ്. രാജ്യങ്ങൾക്കകത്തും സമൂഹങ്ങൾക്കകത്തും സമൂദായങ്ങൾക്കകത്തും രാഷ്ട്രീയ പാർട്ടികളിലും കുടുംബങ്ങൾക്കകത്തും ഉള്ള പലവിധ ഭിന്നതകൾ സർവ്വസാധാരണമാണ്. വിശ്വാസികൾ എന്ന നിലയ്ക്ക് നമ്മെ ഏറ്റവും കൂടുതൽ അലട്ടേണ്ടത് സഭയ്ക്കുള്ളിലെ അനൈക്യമാണ്. സാർവത്രിക സഭയിൽ, സഭാവിഭാഗങ്ങളിൽ, പ്രാദേശിക സഭകളിൽ എല്ലാം ഭിന്നതകൾ രൂക്ഷമായിത്തീർന്ന് ഐക്യരാഹിത്യത്തിലേക്ക് കൊണ്ടെത്തിക്കുന്നു.

പഴയനിയമത്തിൽ ഒരുമിച്ചായിരിക്കുക, ഒരുമിച്ചാരാധിക്കുക എന്നൊക്കെ ദ്യോതിപ്പിക്കുന്ന ഒത്തൊരുമയാണ് ഐക്യം എന്ന് പാസ്റ്റർ എം. സാമുവൽകുട്ടി വിശദീകരിച്ചു. എന്നാൽ, പുതിയനിയമത്തിൽ വിശ്വാസത്തിലുള്ള ഐക്യത വിശ്വാസികളെ ഒരുമിപ്പിച്ച് ദൈവസഭയായി പണിതുവരുന്നു. ഏകമനസും സ്നേഹവും ഐക്യതയും ഏകഭാവവും സഭയിൽ ഉണ്ടായിരിക്കേണ്ട അടിസ്ഥാനഘടകങ്ങളാണെന്ന് (ഫിലി. 2:2) അപ്പൊസ്തലനായ പൌലൊസ് പ്രബോധിപ്പിക്കുന്നു. ആദിമ സഭയിൽ ഇവയെല്ലാം ഉണ്ടായിരുന്നു എന്ന് അപ്പൊ. പ്ര. 2:44,45 വാക്യങ്ങളിൽ വ്യക്തമാക്കിയിരിക്കുന്നു. കോളജിന്റെ വിജയകരമായ പ്രവർത്തനത്തിന് വിദ്യാർത്ഥികളുടെയും അദ്ധ്യാപകരുടെയും ഇടയിലുള്ള ഐക്യത അനിവാര്യമാണെന്ന് പാസ്റ്റർ എം. സാമുവൽകുട്ടി ഉദ്ബോധിപ്പിച്ചു.




*ചാപ്പൽ സർവ്വീസിൽ എഫ്.സി.ബി.സി. ഡയറക്ടർ പാസ്റ്റർ എം. സാമുവൽകുട്ടി സംസാരിക്കുന്നു*

## തിമഥി-അവാന സംയുക്ത മുന്നേറ്റത്തിന് തുടക്കമായി

**തിരുവല്ല:** തിമഥി ഇൻസ്റ്റിറ്റ്യൂട്ടും അവാന ഇന്റർനാഷണലും സംയുക്തമായി നേതൃത്വം നൽകുന്ന ചിൽഡ്രൻസ് ക്ലബ്ബ് മുന്നേറ്റത്തിന് തുടക്കമായി. കേരളത്തിലെ മൂന്ന് സെന്ററുകളിലായി നടത്തപ്പെട്ട പരിശീലനത്തോടെയാണ് നാലു വർഷം നീണ്ടു നിൽക്കുന്ന പ്രവർത്തന പദ്ധതി ആരംഭിച്ചത്. തിരുവനന്തപുരം മണ്ണന്തല യൂഹന്നാൻ മാർത്തോമ്മാ സ്റ്റഡി സെന്റർ, ആലുവ വൈ.എം.സി.എ. ഇന്റർനാഷണൽ ക്യാമ്പ് സെന്റർ, ചരൽകുന്ന് മാർത്തോമ്മാ ക്യാമ്പ് സെന്റർ എന്നിവിടങ്ങളിൽ നടത്തപ്പെട്ട പരിശീലന പരിപാടികളിൽ 300-പേർ പരിശീലനം നേടി പ്രവർത്തന സജ്ജരായി. പരിശീലനം നേടിയവർ ഇതിനോടകം ചിൽഡ്രൻസ് ക്ലബ്ബുകൾ ആരംഭിച്ചുകഴിഞ്ഞു. ഒരു മണിക്കൂർ സമയംകൊണ്ട് ഗാനങ്ങൾ, കളികൾ, കഥകൾ എന്നിവയിലൂടെ ദൈവവചനം പങ്കുവയ്ക്കുന്ന ശുശ്രൂഷയാണ് ചിൽഡ്രൻസ് ക്ലബ്ബ്.

90 രാജ്യങ്ങളിൽ ബാലശുശ്രൂഷാ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന അവാന ഇന്റർനാഷണൽ ഇതാദ്യമായാണ് ഇന്ത്യയിൽ മറ്റൊരു പ്രവർത്തനവുമായി പങ്കാളിത്തത്തിലേർപ്പെടുന്നത്. ബാലശുശ്രൂഷാരംഗത്ത് സമൂല മുന്നേറ്റത്തിനുതകുന്ന ഈ പദ്ധതി കൂടുതൽ അദ്ധ്യാപകരെ കണ്ടെത്തി പരിശീലിപ്പിക്കുന്നതിനും വർഷം മുഴുവൻ ഉന്നത നിലവാരമുള്ള പാഠ്യപദ്ധതി കുട്ടികൾക്ക് ലഭ്യമാക്കുന്നതിനും മുഖാന്തിരമാകുന്നു.

തിമഥി ഇൻസ്റ്റിറ്റ്യൂട്ടിന്റെ അവധിക്കാല ചിൽഡ്രൻസ് ഫെസ്റ്റ് പ്രോഗ്രാമുകൾ സംഘടിപ്പിച്ചവരാണ് പരിശീലനത്തിൽ പങ്കെടുക്കാൻ അർഹത നേടിയത്. പരിശീലന തുടർപ്രവർത്തനങ്ങളുടെ ഭാഗമായി ഫോളോ അപ്പ് മീറ്റുകൾ ഒക്ടോബർ മാസത്തിൽ സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ നടക്കും.

ഒരു അവലോകനം

## ഡബ്ല്യു.എം.ഇ. 65 വർഷങ്ങൾ പൂർത്തിയാക്കുന്നു

2012 ജൂലൈ 12-ന് ഭാരത സുവിശേഷീകരണത്തിൽ ഡബ്ല്യു.എം.ഇ. ദൈവസഭ നീണ്ട 65 വർഷങ്ങൾ പൂർത്തിയാക്കുകയാണ്. ഇന്ത്യ സ്വതന്ത്രമാകുന്നതിനുമുമ്പ് ഇങ്ങു തെക്കേക്കോണിൽ തിരുവല്ലാ താലൂക്കിൽ 1947 ജൂലൈ 12-ന് പാസ്റ്റർ സി.എസ്. മാത്യു പ്രാർത്ഥിച്ച് ആരംഭിച്ച ചെറിയ പ്രവർത്തനമാണ് പിൽക്കാലത്ത് വേൾഡ് മിഷൻ ഇവാൻജലിസം ദൈവസഭ (ഡബ്ല്യു.എം.ഇ) എന്ന അഭിധാനത്തിൽ ഇന്ത്യയിൽ വളർന്നു പന്തലിച്ചത്. കഴിഞ്ഞ ആറര പതിറ്റാണ്ടുകൾ നടത്തിയ അത്ഭുത വഴികളെ ഓർത്ത് ആയിരമായിരം സ്തോത്രങ്ങൾ കരേറ്റുവാൻ വകയുണ്ട്. കഷ്ടനഷ്ടങ്ങളുടെയും നിന്ദയപമാനങ്ങളുടെയും ദു:ഖദുരിതങ്ങളുടെയും പട്ടിണിയുടെയും ഞെരുക്കങ്ങളുടെയും ആർത്തിരമ്പിയ തിരമാലകളിൽ മുങ്ങിപ്പോകാതെ അമരവും അണിയവും ഒരുപോലെ നിയന്ത്രിച്ച് ഈ ചെറിയ പടകിനെ ഇത്രത്തോളം നയിച്ചവൻ ഇനിയും നടത്തുവാൻ വിശ്വസ്തൻ തന്നെ.

### പാസ്റ്റർ സി.എസ്. മാത്യു

പെന്തക്കൊസ്തിന്റെ ശക്തമായ കൊടുങ്കാറ്റു മലങ്കരയെ ഇളക്കിമറിച്ച 20-ാം നൂറ്റാണ്ടിന്റെ ആദ്യ പകുതിയിൽ ബ്രദറൺ സഭാവൃത്തത്തിൽ നിന്നും പെന്തക്കൊസ്ത് അനുഭവത്തിലേക്കു വരികയും പിൽക്കാലത്ത്



*പാസ്റ്റർ സി.എസ്. മാത്യു*

ഭാരത പെന്തക്കൊസ്തു ചരിത്ര ശിൽപ്പികളിൽ പ്രധാനിയായിതീരുകയും ചെയ്ത പാസ്റ്റർ സി.എസ്. മാത്യു ഉജ്ജ്വല വാഗ്മിയും, വേദപണ്ഡിതനും, ഗാനരചയിതാവുമായിരുന്നു. സൈമൺസാറിന്റെ ശിഷ്യനായി വചനത്തിന്റെ അഗാധങ്ങളറിഞ്ഞ സി.എസ്. മാത്യു എന്ന യുവപ്രഭാഷകൻ പരിശുദ്ധാത്മാഭിഷേകം പ്രാപിച്ചതോടെ 1940-കൾ മുതൽ പെന്തക്കൊസ്തിന്റെ ശക്തനായ വക്താവായി മാറി. വ്യക്തിത്വംകൊണ്ടും പ്രൗഢഗംഭീര വാഗ്ധോരണികാണ്ടും ഹൃദയസ്പൃക്കുകളായ ഗാനരചനയും ആലാപനവുംകൊണ്ടും കൺവൻഷൻ വേദികളിൽ പ്രിയങ്കരനായി മാറിയ സി. എസ്.മാത്യു ജനലക്ഷങ്ങളെ ആകർഷിച്ചു. അദ്ദേഹത്തിന്റെ ഉണർവ്വുപ്രസംഗങ്ങൾ കേൾക്കാൻ ആയിരങ്ങൾ തടിച്ചുകൂടുമായിരുന്നു. താൻ രചിച്ച *എൻ പ്രിയനെപ്പോൽ സുന്ദരനായ് ആരേയും ഞാനുലകിൽ, കാന്തനെ കാണുവാനാർത്തി വളരുന്നേ, പതിനായിരം പേർകളിൽ പരമസുന്ദരനായ, കൊടിയ കാറ്റടിക്കണമേ, യേശുരാജൻ വേഗം വാനിൽ വന്നിടും, പാടിസ്തുതിച്ചിടാം പ്രിയനെ, സ്തുതിക്കു യോഗ്യനെന്റെ വീണ്ടെടുപ്പുകാരൻ നിത്യവും....* മുതലായ ഗാനങ്ങൾ കൺവൻഷൻ സ്റ്റേജുകളിൽ പാടുമ്പോൾ ജനം ആത്മാവിൽ ഇളകി മറിയുമായിരുന്നു. അവയെല്ലാം പിൽക്കാലത്ത് വിശ്വാസ സമൂഹത്തിന്റെ ഇഷ്ടഗാനങ്ങളായി മാറി. 200-ൽപരം ഗാനങ്ങളാണ് അദ്ദേഹം നമുക്കു നൽകിയത്. തന്റെ 11 മക്കളിൽ 8 പേരും നിത്യതയിലേക്കു മരിച്ചു മാറിയ സന്ദർഭങ്ങളിലാണ് ഇവയിൽ പലതും രചിക്കപ്പെട്ടത്.

### പാസ്റ്റർ ഒ.എം. രാജുക്കുട്ടി

പാസ്റ്റർ സി.എസ്. മാത്യുവിന്റെ പിൻഗാമിയായി 1985-ൽ ഡബ്ല്യു.എം.ഇ.യുടെ തലപ്പത്തെത്തിയ പാസ്റ്റർ ഒ.എം. രാജുക്കുട്ടി ഈ തലമുറയിൽ ദൈവം ശക്തമായി ഉപയോഗിച്ചുകൊണ്ടിരിക്കുന്ന ദൈവദാസനാണ്. കേരള സർവ്വകലാശാലയിൽനിന്നും ഇംഗ്ലീഷ് സാഹിത്യത്തിൽ ബിരുദാനന്തര ബിരുദം കരസ്ഥമാക്കിയിട്ടുള്ള അദ്ദേഹം ഡൽഹിയിലും കേരളത്തിലുമായി വേദപഠനം പൂർത്തിയാക്കി. യുവതലമുറയ്ക്കും വിദ്യാർത്ഥികൾക്കും എന്നും അദ്ദേഹം പ്രചോദനമാണ്. ഉണർവ്വ് പ്രസംഗകൻ, ബൈബിൾ പ്രവചന വ്യാഖ്യാതാവ്, വേദാദ്ധ്യാപകൻ, ഗാനരചയിതാവ്, പെന്തക്കൊസ്ത് ഇന്റർ ചർച്ച് കൗൺസിൽ ജനറൽ സെക്രട്ടറി എന്നീ നിലകളിലെല്ലാം പാസ്റ്റർ രാജുക്കുട്ടി ശോഭിച്ചു നിൽക്കുന്നു. 30-ൽപരം ഗാനങ്ങൾ രചിച്ച് ഈണം നൽകിയിട്ടുള്ള അദ്ദേഹത്തിന്റെ *നന്മ പ്രാപിക്കും തിന്മ തൊടുകയില്ല, ദൈവകുഞ്ഞാടു യോഗ്യൻ താൻ, ഇവിടെ നീയേറ്റ പാടുകൾക്കെല്ലാം* എന്നിവ ചുരുങ്ങിയ കാലംകൊണ്ടുതന്നെ പ്രചാരം നേടിക്കഴിഞ്ഞു. എല്ലാ സഭകൾക്കും മനോഹരങ്ങളായ ആരാധനാലയങ്ങൾ, സെമിത്തേരികൾ എന്നിവ നിർമ്മിച്ചു സ്വയംപര്യാപ്തതയിലെത്തുക എന്ന ലക്ഷ്യത്തോടെ കഠിനപ്രയത്നം ചെയ്യുന്ന അദ്ദേഹത്തിനു ജനങ്ങളുടെ പൂർണ്ണ സഹകരണമാണ് ലഭിച്ചുകൊണ്ടിരിക്കുന്നത്. ഉപദേശ സത്യങ്ങൾക്കുവേണ്ടി വിശ്വാസത്താൽ നിൽക്കുവാൻ ധീരമായ തീരുമാനമെടുത്ത 2005 മുതലുള്ള ഈ കാലമാണ് ഡബ്ല്യു.എം.ഇ. ഏറ്റം വളർച്ച കൈവരിച്ച കാലഘട്ടം. സാമ്പത്തികമായി ഏറ്റം പിന്നോക്കം നിൽക്കുന്ന സഭകൾപോലും സ്വന്തമായധ്വാനിച്ചുണ്ടാക്കിയ അനേക ഹോളുകൾ നിർമ്മിച്ച് കർത്തൃനാമത്തിനു സമർപ്പിക്കുവാനിടയായി.



**പാസ്റ്റർ ഒ.എം. രാജുക്കുട്ടി**

കേരളത്തിനു പുറത്തുള്ള പ്രവർത്തനങ്ങൾ, പ്രത്യേകാൽ ആന്ധ്രാ, ഒറീസാ മുതലായ സ്റ്റേറ്റുകളിലെ സഭകൾ, പ്രതിസന്ധിയിലൂടെ കടന്നുപോയെങ്കിലും പാസ്റ്റർ രാജുക്കുട്ടിയുടെ സന്ദർശനങ്ങളും ആത്മീയ ശുശ്രൂഷകളും അവരെ വിശ്വാസത്തിലും ഉപദേശത്തിലും സ്വയാശ്രയബോധത്തിലും നിലനിർത്തി. ഇൻഡ്യയുടെ സുവിശേഷീകരണം ലക്ഷ്യമാക്കി മുന്നേറുന്ന ഡബ്ല്യു.എം.ഇ. പ്രസ്ഥാനത്തിനു ദൈവജനത്തിന്റെ പ്രാർത്ഥനയും പ്രോത്സാഹനവും ആവശ്യമാണ്.

### ചിൽഡ്രൻസ് ഹോം മിനിസ്ട്രി & ബൈബിൾസ്കൂൾ

പെന്തക്കൊസ്തു സമൂഹത്തിലെ ആദ്യ ചിൽഡ്രൻസ് ഹോമുകളിലൊന്നാണ് ഡബ്ല്യു.എം.ഇ. യുടെ *കരിയംപ്ലാവ് ചിൽഡ്രൻസ് ഹോം*. 1951-ൽ പാസ്റ്റർ സി. എസ്. മാത്യു ആരംഭിച്ച ഈ ആതുരസ്ഥാപനം 2005 വരെ പ്രവർത്തിച്ചു. അനാഥരും

(ശേഷം രണ്ടാം പേജിൽ)

വിശ്വാസി മിത്രങ്ങൾക്ക് സ്വാതന്ത്ര്യദിന ആശംസകൾ

-പത്രാധിപസമിതി

പത്രാധിപ ലേഖനം.......

# ദൈവത്തിന്റെ സമയം തിരിച്ചറിയുക



ഭാരതത്തിന് സ്വാതന്ത്ര്യം കിട്ടിയ മാസം എന്ന പ്രാധാന്യമാണ് ഓഗസ്റ്റിനുള്ളത്. 1947 ഓഗസ്റ്റ് 15ന് ഭാരതം സ്വതന്ത്രമായിതീർന്ന പ്പോൾ ഏകദേശം നാലര നൂറ്റാണ്ടുകൾ യൂറോപ്പുകാർ രാജ്യം ഭരി ച്ചുകഴിഞ്ഞിരുന്നു. വിദേശഭരണത്തിൽ നിന്നും മോചിതരാകുവാനുള്ള ഭാരതീയരുടെ പോരാട്ടങ്ങൾ ഈ കാലഘട്ടത്തിൽ നിരവധിയായിരുന്നുവെങ്കിലും ഗാന്ധിജിയുടെ നേതൃത്വത്തിൽ വർഷങ്ങൾ നീണ്ട സമരത്തിനുശേഷമാണ് ഭാരതം സ്വതന്ത്ര രാഷ്ട്രമായത്.

നമ്മുടെ പല ഉദ്യമങ്ങളും തുടക്കത്തിൽ തന്നെ വിജയിക്കണമെന്ന പക്ഷക്കാരാണ് നമ്മൾ. പക്ഷേ, നാം വിചാരിക്കുന്നതുപോലെ ആയിരിക്കില്ല കാര്യങ്ങൾ നടക്കുന്നത്. നാം പ്രതീക്ഷിക്കുന്ന സമയത്ത് ഒരു കാര്യം നടക്കുന്നില്ലെങ്കിൽ നാം അക്ഷമരായിത്തീരും. പലപ്പോഴും പ്രാർത്ഥിക്കുന്ന കാര്യങ്ങൾക്കും ഉടനടി മറുപടി കിട്ടണമെന്ന ചിന്താഗതിക്കാരാണ് നാം. എന്നാൽ, നമ്മുടെ അപേക്ഷകൾ ദൈവം ഉടൻ തന്നെ സ്വീകരിക്കണമെന്നില്ല; ചിലത് തിരസ്ക്കരിച്ചെന്നുമിരിക്കാം. അപ്പോൾ നാം ഖിന്നരാകാതെ ദൈവഹിതവും ദൈവത്തിന്റെ സമയവും മനസ്സിലാക്കുകയാണ് വേണ്ടത്.

ദൈവം സ്വന്ത വാഗ്ദത്തങ്ങളും പദ്ധതികളും പൂർത്തീകരിക്കുന്നതിൽ കാലതാമസം വരുത്തുന്നു എന്ന് നാം ചിന്തിക്കുന്നത് തികച്ചും അബദ്ധമാണ്. ദൈവത്തിന്റെ സമയത്തെക്കുറിച്ചുള്ള അജ്ഞതയാണ് ഇങ്ങനെ ചിന്തിക്കാൻ ഹേതുവാകുന്നത്. മനുഷ്യരായ നമ്മുടെ വഴികളെക്കാളും വിചാരങ്ങളെക്കാളും വിഭിന്നവും ഉയർന്നതുമാണ് ദൈവത്തിന്റെ വഴികളും വിചാരങ്ങളും. ദൈവം നിത്യനും വിശുദ്ധനുമാണ്. നമ്മുടെ ജ്ഞാനത്തിനും ഗ്രാഹ്യശക്തിക്കും പരിധിയുണ്ട്; ആ പരിധിക്കപ്പുറമാണ് ദൈവത്തിന്റെ ചിന്തകൾ. ദൈവം കാര്യങ്ങൾ നിവർത്തിക്കുന്നത് സാവധാനത്തിലാണ്; ദുഷ്ടന്മാരെ ശിക്ഷിക്കുന്നത് താമസിച്ചാണ്; ഈ ലോകത്തിൽ ദാരിദ്ര്യവും രോഗവും ഗ്രസിച്ചിരിക്കുന്നവരെ സഹായിക്കുന്നത് അമാന്തിച്ചാണ്; രണ്ടാം വരവ് ദീർഘമായി നീട്ടിവച്ചിരിക്കുകയാണ് എന്നൊക്കെയാണ് നാം കരുതുന്നത്. പക്ഷേ, നമ്മുടെ കലണ്ടർ അനുസരിച്ചല്ല ദൈവത്തിന്റെ കാര്യപരിപാടികൾ. ദൈവം പ്രവർത്തിക്കുന്നത് സ്വന്തം കലണ്ടറിൻ പ്രകാരമാണ്. 2പത്രൊസ് 3:8ൽ ഇങ്ങനെയാണ് നാം വായിക്കുന്നത്, “എന്നാൽ, പ്രിയമുള്ളവരേ, കർത്താവിന് ഒരു ദിവസം ആയിരം സംവത്സരംപോലെയും ആയിരം സംവത്സരം ഒരു ദിവസംപോലെയും ഇരിക്കുന്നു എന്നീ കാര്യം നിങ്ങൾ മറക്കരുത്”.

എന്റെ സ്വന്തം അനുഭവങ്ങൾ ഓർക്കുമ്പോൾ പലപ്പോഴും ദൈവം കാര്യങ്ങൾ ചെയ്യുവാൻ കാലവിളംബം വരുത്തുന്നതായി എനിക്ക് തോന്നിയ സന്ദർഭങ്ങളുണ്ട്. ബീഹാറിലും ഡൽഹിയിലും കേരളത്തിലും നടന്നുവരുന്ന മിഷൻ പ്രവർത്തനങ്ങൾക്ക് ആവശ്യമായ പണം പലപ്പോഴും സമയത്ത് ലഭിക്കാതിരുന്നപ്പോൾ ദൈവവിളികേട്ട് ഇറങ്ങിത്തിരിച്ച എന്നെ കർത്തൃവേലയുടെ മുഖത്ത് തക്കസമയത്ത് സഹായിക്കാതെ ദൈവം ലജ്ജിപ്പിക്കുകയാണ് എന്ന് കരുതിപ്പോയിട്ടുണ്ട്. എന്നാൽ, പിന്നീടാണ് ദൈവം പ്രവർത്തിക്കുന്ന സമയത്തിനായി കാത്തിരിക്കണമെന്ന് എനിക്ക് മനസ്സിലായത്. ക്ഷമയോടെ ദൈവത്തിനായ് കാത്തിരിക്കാനാണ് വചനം അനുശാസിക്കുന്നത്. പലപ്പോഴും ദൈവത്തിന്റെ സമയത്തിനായുള്ള കാത്തിരിപ്പ് നമുക്ക് വിലയേറിയ പാഠങ്ങൾ പഠിപ്പിച്ചുതരും.

വേദപുസ്തക ചരിത്രം പരിശോധിച്ചാലും ദൈവത്തിന്റെ സമയത്തിനായി കാത്തിരിക്കുന്നതിന്റെ പ്രസക്തി നമുക്ക് മനസ്സിലാക്കാൻ കഴിയും. ദൈവം അനുഗ്രഹിക്കുന്നതിന് മുമ്പും പിമ്പും ദൈവത്തിന്റെ സമയത്തിനായി യാക്കോബിന് കാത്തിരിക്കേണ്ടിവന്നിട്ടുണ്ട്. അമ്മാവനായ ലാബാന്റെ വീട്ടിൽ റാഹേലിനെ ഭാര്യയായി ലഭിക്കാനും സ്വന്ത ദേശത്ത് തിരികെ എത്താനും യാക്കോബിന് വർഷങ്ങൾ കാത്തിരിക്കേണ്ടിവന്നു. വാർദ്ധക്യത്തിൽ പുത്രവിയോഗത്താൽ ദു:ഖിതനായിതീർന്ന യാക്കോബ് യോസേഫിനെ കണ്ടുമുട്ടുന്നതും വർഷങ്ങൾക്കുശേഷമാണ്. ഉന്നതനാകും എന്ന സ്വപ്നങ്ങൾ സ്വയം ദർശിച്ചവനാണ് യോസേഫ്. എന്നാൽ, ഈ സ്വപ്നസാഫല്യത്തിന് പല കടമ്പകളും ഘട്ടങ്ങളും ഉണ്ടായിരുന്നു. പൊട്ടക്കിണറ്റിന്റേയും കാരാഗൃഹത്തിന്റേയും അനുഭവങ്ങൾ. ഉയർച്ചയ്ക്കുശേഷം താഴ്ച; വീണ്ടും ഉയർച്ച. നിലനിൽക്കുന്ന ഒരു ഉയർച്ചയ്ക്കായി ദൈവത്തിന്റെ സമയം വരെ യോസേഫ് ക്ഷമയോടെ കാത്തിരുന്നു. യിസ്രായേൽ മക്കളെ മിസ്രയീം അടിമത്വത്തിൽ നിന്നും മോചിതരാക്കുക എന്ന ദൗത്യമായിരുന്നു മോശെയ്ക്ക് ഉണ്ടായിരുന്നത്. എന്നാൽ, നാൽപ്പത് വർഷങ്ങൾ ഫറവോന്റെ കൊട്ടാരത്തിലും നാൽപ്പത് വർഷങ്ങൾ ഒരു ഇടയനായി മരുഭൂമിയിലും കഴിഞ്ഞതിനുശേഷമാണ് മോശെയ്ക്ക് ഈ ചരിത്രദൗത്യം ഏറ്റെടുക്കുവാനായത്. ദൈവിക സമയത്തിനായി കാത്തിരിക്കാതെ സ്വന്തം സമയത്ത് പ്രവർത്തിക്കുവാൻ മോശെ തുനിഞ്ഞപ്പോൾ തിരിച്ചടിയും ഉണ്ടായി. യിസ്രായേൽ മക്കളെ ദൈവം വാഗ്ദത്ത ദേശത്ത് എത്തിച്ചത് ഒറ്റരാത്രികൊണ്ടല്ലായിരുന്നു; മറിച്ച് മരുഭൂമിയിൽ കൂടി ദീർഘവർഷങ്ങൾ നടത്തി പാകത വരുത്തിയതിനുശേഷമാണ് അവർക്ക് അത് ലഭ്യമായത്. പുതിയനിയമത്തിലും പല ഉദാഹരണങ്ങൾ ഉണ്ട്. പരമവും പ്രധാനവുമായത് യേശുക്രിസ്തുവിന്റേത് തന്നെയാണ്. മനുഷ്യകുലത്തിന്റെ രക്ഷ എന്ന ദൗത്യവുമായി ഭൂമിയിൽ അവതരിച്ച യേശുക്രിസ്തു മുപ്പത്തിമൂന്നര വർഷങ്ങൾക്ക് ശേഷമാണ് പരസ്യ ശുശ്രൂഷ തുടങ്ങുന്നത്. അതുവരെ അനുസരണയുള്ള മകനായി യോസേഫ് എന്ന തച്ചന്റെ ഭവനത്തിൽ വളർന്നു. മുതിർന്നപ്പോൾ പിതാവിനോടുകൂടെ തച്ചപ്പണിക്കു പോയി.

കർത്താവിന്റെ വരവിന്റെ ദിവസം പ്രവചിക്കുന്ന പ്രവണത നാം കണ്ടുവരുന്നുണ്ട്. എന്നാൽ, കർത്താവ് തന്നെ ഇങ്ങനെയാണ് പറഞ്ഞിരിക്കുന്നത്. “ആ നാളും നാഴികയും സംബന്ധിച്ചോ എന്റെ പിതാവ് മാത്രമല്ലാതെ ആരും സ്വർഗ്ഗത്തിലെ ദൂതന്മാരും പുത്രനും കൂടെ അറിയുന്നില്ല” (മത്തായി 24:36). മറ്റൊരു വേദഭാഗത്ത് കർത്താവ് ഇങ്ങനെ പറഞ്ഞിരിക്കുന്നു, “പിതാവ് തന്റെ സ്വന്ത അധികാരത്തിൽ വച്ചിട്ടുള്ള കാലങ്ങളെയോ സമയങ്ങളെയോ അറിയുന്നത് നിങ്ങൾക്കുള്ളതല്ല” (അപ്പൊ. പ്ര. 1:7). കർത്താവിന്റെ വരവ് സംഭവിക്കുകയില്ല എന്ന് നാം നിരാശപ്പെടേണ്ടതില്ല. 2പത്രൊസിൽ നാം തുടർന്നു വായിക്കുന്നു, “ചിലർ താമസം എന്നു വിചാരിക്കുന്നതുപോലെ കർത്താവ് തന്റെ വാഗ്ദത്തം നിവർത്തിപ്പാൻ താമസിക്കുന്നില്ല. ആരും നശിച്ചുപോകാതെ എല്ലാവരും മാനസാന്തരപ്പെടുവാൻ അവൻ ഇച്ഛിച്ചു നിങ്ങളോട് ദീർഘക്ഷമ കാണിക്കുന്നതേയുള്ളൂ. കർത്താവിന്റെ ദിവസമോ കള്ളനെപ്പോലെ വരും....” (3:9,10).

സങ്കീർത്തനക്കാരനെപ്പോലെ നമുക്കും പറയാം, “എന്റെ കാലഗതികൾ നിന്റെ കൈയ്യിൽ ഇരിക്കുന്നു” (31:15). ദൈവം തക്കസമയത്ത് നമ്മെ ഉയർത്തുവാൻ ആ ബലമുള്ള കൈക്കീഴെ നമുക്ക് താണിരിക്കാം.

*- പാസ്റ്റർ എം. സാമുവൽകുട്ടി*

## പ്രീമാരിറ്റൽ കൗൺസിലിങ്ങ്

**എടത്വാ:** തലവടി എടത്വാ പ്രദേശങ്ങളിലുള്ള പെന്തക്കൊസ്ത് യുവജനങ്ങളുടെ സംയുക്ത വേദിയായ യുണൈറ്റഡ് പെന്തക്കൊസ്തൽ യൂത്ത് മൂവ്മെന്റിന്റെ ആഭിമുഖ്യത്തിൽ ക്രിസ്തീയ യുവജനങ്ങൾക്കായി പ്രീമാരിറ്റൽ കൗൺസിലിങ്ങ് ഓഗസ്റ്റ് 18 ശനിയാഴ്ച വെള്ളക്കിണർ വാഴയിൽ ബിൽഡിങ്ങിൽ വെച്ച് നടക്കുന്നു. തിമഥി ഇൻസ്റ്റിറ്റ്യൂട്ട് സെഷനുകൾക്ക് നേതൃത്വം നല്കും.

സുവിശേഷ വിഹിത സഭകളിൽ പോലും ഇന്ന് വിവാഹമോചനങ്ങൾ വർദ്ധിക്കുന്ന സാഹചര്യത്തിൽ കുടുംബം ദൈവവചന അടിസ്ഥാനത്തിൽ, ശരിയായ ലൈംഗീകത, വിവാഹപൂർവ്വ പ്രേമബന്ധങ്ങൾ, ലൈംഗിക മൂല്യച്യുതികൾ, പങ്കാളിയെ കണ്ടെത്തുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ എന്നീ വിഷയങ്ങളിലെ ക്ലാസ്സുകൾ, ചോദ്യോത്തര വേദി, ഗ്രൂപ്പ് ചർച്ചകൾ എന്നിവയ്ക്ക് ഡോ. ഐസക് വി. മാത്യു, റവ. സജി കെ. പി. എന്നിവർ നേതൃത്വം നൽകും.

ദൈവം വിഭാവനം ചെയ്ത വിവാഹജീവിത സന്തോഷങ്ങൾ വരച്ചുകാട്ടുന്ന ഈ പ്രോഗ്രാം പ്രായോഗികമായി വിവാഹ ജീവിത പ്രശ്നങ്ങൾ കൈകാര്യം ചെയ്യുവാൻ ഭാവി ദമ്പതികളെ പ്രാപ്തരാക്കുന്നു. വിവാഹത്തിനായി ഒരുങ്ങുന്നവർക്കു മാത്രമല്ല 17 വയസ്സിനുമുകളിലുള്ള എല്ലാ യുവതി യുവാക്കൾക്കും ഈ പ്രോഗ്രാമിൽ സംബന്ധിക്കാം.

ഫോൺ: 08281045292, 09495370258

## ലഭിക്കാതെ പോയ സ്നേഹം

(മൂന്നാം പേജിൽ നിന്ന് തുടർച്ച)

ഇതിനു Theophony എന്നു പറയുന്നു. ആരും സ്നേഹിക്കുവാനില്ലാതിരുന്ന ശമുവേലിന്റെ അരികിൽ എല്ലാ രത്രിയിലും യേശു ചെല്ലുമായിരുന്നു. അവനെ സ്നേഹംകൊണ്ട് പൊതിയുമായിരുന്നു. ശമുവേലിന്റെ ആ രോഗ്യമുള്ള വ്യക്തിത്വത്തിന്റെ വളർച്ചയുടെ രഹസ്യം അതായിരുന്നു.

നിന്നെ സ്നേഹിക്കുവാൻ ഇന്ന് ആരുമില്ലായെങ്കിലും യേശുവിന്റെ സ്നേഹം മാത്രം മതി നിനക്കു വളരുവാൻ. അപ്പനെന്നെ സ്നേഹിച്ചില്ല, അമ്മയെന്നെ സ്നേഹിച്ചില്ല, പ്രിയപ്പെട്ടവർ എന്നെ സ്നേഹിച്ചില്ല എന്നു പറഞ്ഞുകൊണ്ടിരിക്കാതെ യേശുവിലേക്കു തിരിയുക. നിന്റെ ശ്രദ്ധ മുഴുവൻ യേശുവിൽ കേന്ദ്രീകരിക്കുക. എത്രയും കൂടുതൽ സ്നേഹം നിനക്ക് ലഭിക്കാതിരുന്നുവോ അത്രയും കൂടുതൽ സ്നേഹം നിനക്ക് യേശുവിൽ നിന്നു ലഭിക്കും. യേശുവിനു നികത്തുവാൻ കഴിയാത്ത ഒരു ശൂന്യതയുമില്ല. യേശുവിനു വിടുവിക്കുവാൻ കഴിയാത്ത ഒരു വ്യക്തിയുമില്ല. യേശു നിന്നെ സ്നേഹംകൊണ്ട് അഭിഷേകം ചെയ്യും!

*(അവസാനിച്ചു)*

## ഡബ്ല്യു.എം.ഇ. 65 വർഷങ്ങൾ പൂർത്തിയാക്കുന്നു

(ഒന്നാം പേജിൽ നിന്ന് തുടർച്ച)

അശരണരുമായ ആയിരത്തഞ്ഞൂ റോളം കുഞ്ഞുങ്ങളെ വളർത്തി വിദ്യാഭ്യാസം നൽകുവാൻ ഈ സ്ഥാപനത്തിനു സാധിച്ചു. 2005-ൽ സാമ്പത്തിക ക്ലേശങ്ങൾമൂലം നിർത്തൽ ചെയ്തു. എന്നാൽ ആന്ധ്രയിലും ഒറീസയിലുമുള്ള ചിൽഡ്രൻസ് ഹോമുകൾ വിശ്വാസത്താൽ നടത്തപ്പെടുന്നു. അനാഥരോടും അശരണരോടും മനസലിവുള്ളവർക്ക് ഈ ശുശ്രൂഷയെ പ്രോത്സാഹിപ്പിക്കാവുന്നതാണ്. 1950-ൽ കരിയംപ്ലാവിൽ ആരംഭിച്ച ഏബൻ-ഏസർ ബൈബിൾ ഇൻസ്റ്റിറ്റ്യൂട്ട് 1980-കളിൽ ഡബ്ല്യു.എം.ഇ. ബൈബിൾ കോളജായി വികസിപ്പിക്കയും നൂറുകണക്കിനു യുവസുവിശേഷകരെ ഭാരത സുവിശേഷീകരണത്തിനായി വാർത്തെടുക്കുകയും ചെയ്തുകൊണ്ടിരിക്കുന്നു.

**കരിയംപ്ലാവ് കൺവൻഷൻ**

ഒരു ചെറിയ സുവിശേഷയോഗമായി ആരംഭിച്ച കരിയംപ്ലാവ് കൺവൻഷൻ ഇന്ന് ഇന്ത്യയിലെ ഏറ്റവും വലിയ പെന്തക്കൊസ്ത് സംഗമങ്ങളിലൊന്നായി വളർന്നു കഴിഞ്ഞിരിക്കുന്നു. പതിനായിരം പേർക്കിരിക്കാവുന്ന സ്റ്റേഡിയവും നൂറുകണക്കിന് ആളുകൾക്ക് താമസിച്ചു കൺവൻഷൻ കൂടുവാനുള്ള കെട്ടിടങ്ങളും ഉണ്ട്. എല്ലാ വർഷവും ജനുവരി ആദ്യ ഞായർ മുതൽ രണ്ടാം ഞായർ വരെയാണ് കൺവൻഷൻ നടക്കുന്നത്. മുഴുവൻ ജനത്തിനും സഭാവിഭാഗ പരിഗണന കൂടാതെ ഉച്ചഭക്ഷണവും രാത്രിഭക്ഷണവും നൽകുന്ന സമ്പ്രദായം ഒരു പക്ഷെ കേരളത്തിൽ ആദ്യം തുടങ്ങിയത് കരിയംപ്ലാവ് കൺവൻഷനിലാണ്. ആന്ധ്രയിൽ നിന്നാണ് ഈ രീതി 1960-കളിൽ കേരളത്തിലേക്കു പകർത്തിയത്. ആഴമേറിയ വചനദൂതുകളും പരിശുദ്ധാത്മനിറവിലുള്ള ആരാധനയും കരിയംപ്ലാവ് കൺവൻഷന്റെ ആസ്വാദ്യത വർദ്ധിപ്പിക്കുന്നു. ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നും, പ്രത്യേകാൽ അമേരിക്കയിലും ഗൾഫിലുമുള്ള മലയാളികളായ വിശ്വാസസമൂഹം നാട്ടിലെത്തുന്നത് മദ്ധ്യതിരുവിതാംകൂറിലെ ഈ വലിയ ഉണർവ്വു സമ്മേളനങ്ങളിൽ പങ്കെടുത്തു അനുഗ്രഹം പ്രാപിക്കുന്നതിനും കൂടിയാണ്. കരിയംപ്ലാവെന്ന പ്രദേശം ലോകക്രൈസ്തവ ഭൂപടത്തിൽ സ്ഥാനം പിടിച്ചത് ഡബ്ല്യൂ.എം.ഇ.യുടെ വളർച്ചയോടെയാണ്.


**എഡിറ്റോറിയൽ ബോർഡ്**

ചീഫ് എഡിറ്റർ
പാസ്റ്റർ എം. സാമുവൽകുട്ടി

അസ്സോസിയേറ്റ് എഡിറ്റേഴ്സ്
തോമസ് ഡാനിയേൽ
പാസ്റ്റർ ബിജു ബഞ്ചമിൻ
ജോൺ ടി. വർഗ്ഗീസ്
ഷിബു തമ്പി

പ്രൊഡക്ഷൻ & സർക്കുലേഷൻ മാനേജർ
ചെറിയാൻ ഡാനിയേൽ

ടൈപ്പ് സെറ്റിങ്ങ്: *വിശ്വാസി* ഗ്രാഫിക്സ്, ഡൽഹി

വിശ്വാസി അറിഞ്ഞിരിക്കേണ്ടവ

# വിശ്വാസിയും കുടുംബവും



പാസ്റ്റർ ബിജു തങ്കച്ചൻ
മുംബൈ

ഏകനായിരിക്കുന്ന പുരുഷന്റെ ഏകാന്തമായ അവസ്ഥ ഏതുകാലത്തും നന്നല്ലെന്ന് തുടക്കത്തിലെ ഗ്രഹിച്ചറിഞ്ഞ സൃഷ്ടികർത്താവ് ഒരു നാരിയെ സൃഷ്ടിച്ച് നരന് നൽകിയതിലൂടെ കുടുംബം എന്ന വ്യവസ്ഥയ്ക്ക് നാന്ദി കുറിച്ചു. തക്ക തുണയെ നൽകി, സന്താനപുഷ്ടിയുള്ളവരായി പെരുകുവാൻ ആശംസിച്ചതിലൂടെ കുടുംബ സംവിധാനത്തിന് ആക്കം കൂട്ടി. ഇരുവർ ഒന്നായി തീരുന്ന ഈ വിവാഹ കർമ്മം വിവാഹങ്ങളുടെ ആരംഭമായി ഏദെനിൽ നടന്നു. ദൈവം സ്ഥാപിച്ച കുടുംബം എന്ന വ്യവസ്ഥ ഇന്നും അനസ്യൂതം മാനവരിൽ തുടരുന്നു.

വിജയകരമായ കുടുംബ ജീവിതത്തിന്റെ അടിസ്ഥാനപരമായ മൂന്ന് വസ്തുതകളിലേക്ക് ശ്രദ്ധതിരിക്കാം.

**1. ദൈവവചനം എന്ന അടിസ്ഥാനത്തിന്മേൽ കുടുംബം പണിയുക.**

പാറമേൽ വീടുപണിയുന്ന ബുദ്ധിയുള്ള മനുഷ്യനെക്കുറിച്ച് കർത്താവ് ഉപമ പറഞ്ഞു. രണ്ടു വിധത്തിലുള്ള പണികൾ ഉണ്ടെന്നും അതിൽ ഏതാണ് ബുദ്ധിയുള്ള പണിയെന്നും വ്യക്തമാക്കി തന്നതിലൂടെ നമുക്കൊരു മാർഗ്ഗം വെളിപ്പെടുത്തി. അടിസ്ഥാനത്തിന് പ്രാധാന്യം നൽകാതെ ബാഹ്യമായ കെട്ടുപണിയിൽ ശ്രദ്ധിച്ച് വേഗം പണിതീർത്ത് മറ്റുള്ളവരുടെ മുമ്പിൽ മിടുക്കരാകാൻ ശ്രമിക്കുന്നവർ അപ്രതീക്ഷിത സമയത്ത് ഉണ്ടാകുവാൻ സാധ്യതയുള്ള കാറ്റും തിരയും അവഗണിക്കുന്നവരുടെ പരാജയം ക്ഷണിച്ചുവരുത്തുന്നു. എന്നാൽ, കർത്താവിന്റെ വചനങ്ങളെ കേട്ടുചെയ്യുന്നവൻ ഒക്കെയും ആഴെകുഴിച്ച് പാറമേൽ വീടു പണിയുന്ന ബുദ്ധിയുള്ള മനുഷ്യനോട് തുല്യർ ആകും. ഇതായിരുന്നു ഉപമയുടെ സാരം.

വിശുദ്ധ വേദപുസ്തകം മനുഷ്യജീവിതത്തിന്റെ സമസ്ത മേഖലകളേയും സ്പർശിക്കുന്ന പുസ്തകമാണ്. അനേക മനുഷ്യരുടെ ജീവിതത്തെക്കുറിച്ച് വേദപുസ്തകം വെളിപ്പെടുത്തുന്നു. സാധാരണക്കാരും രാജാക്കന്മാരുമായവരുടെയും ഭക്തരും അഭക്തരുമായവരുടെയും ദരിദ്രരും സമ്പന്നരുമായവരുടെയും ജ്ഞാനികളും അജ്ഞാനികളുമായവരുടെയും ജയപരാജയങ്ങൾ ബൈബിളിൽ വ്യക്തമാക്കിയിട്ടുണ്ട്. ഇതെല്ലാം ഉപദേശത്തിനായി ആലേഖനം ചെയ്തിരിക്കയാണ്. വിശേഷിച്ച്, പുതിയ നിയമത്തിൽ കുടുംബ ജീവിതത്തിന്റെ ഭദ്രതയ്ക്കാവശ്യമായ അനവധി മുത്തുകൾ വാരി വിതറിയിരിക്കുന്നു. പൌലൊസിന്റെ എഴുത്തുകൾക്ക് ഉപദേശപരമായ ഒരു വശവും പ്രായോഗികപരമായ മറ്റൊരു തലവും ഉണ്ട്. സമകാലിക സമൂഹത്തിൽ മാതൃകാപരമായി ജീവിക്കേണ്ടതിനാവശ്യമായ അനേക തത്വങ്ങൾ വഴിവിളക്കുകൾ പോലെ നിരത്തി നിർത്തിയിരിക്കുന്നു. പ്രാർത്ഥനയോടെ വിശുദ്ധ വേദപുസ്തകം വായിക്കുന്ന ഒരു വ്യക്തിക്ക് കുടുംബ ജീവിത വിജയത്തിനാവശ്യമായ അടിസ്ഥാനപരമായ അറിവ് ലഭ്യമാകും. പ്രസ്തുത വചനങ്ങളെ അടിസ്ഥാന ശിലയായി കണ്ടുകൊണ്ട് പണിതുയർക്കുന്ന കുടുംബം എല്ലാ പ്രതികൂലങ്ങളേയും അതിജീവിച്ച് മുന്നേറും.

> രണ്ട് തോടുകൾ വ്യത്യസ്ത സ്ഥാനങ്ങളിലൂടെ ഒഴുകി ഒഴുകി ഏതെങ്കിലും ഒരു സ്ഥലത്തുവച്ച് സന്ധിക്കുകയും പിന്നീട് ഒന്നായി, ഒരു നദിയായി ഒഴുകുകയും ചെയ്യുന്നതുപോലെ വ്യത്യസ്ത വികാരങ്ങളും വിചാരങ്ങളും ഉള്ളവർ വിവാഹനന്തരം ഒന്നായി തീരുന്നു

**2. പങ്കാളിയെ മനസ്സിലാക്കുക.**

കുടുംബജീവിതം വ്യത്യസ്ത വ്യക്തിത്വം ഉള്ളവർ ഒരുമിച്ചുള്ളൊരു യാത്രയാണ്. രണ്ട് വ്യത്യസ്ത വ്യക്തികൾ ഒരു ഉടമ്പടിയിലൂടെ ഒന്നായി തീർന്ന് ഒരു കുടുംബമായി ഒന്നായി യാത്ര ചെയ്യുന്നു. രണ്ട് തോടുകൾ വ്യത്യസ്ത സ്ഥാനങ്ങളിലൂടെ ഒഴുകി ഒഴുകി ഏതെങ്കിലും ഒരു സ്ഥലത്തുവച്ച് സന്ധിക്കുകയും പിന്നീട് ഒന്നായി, ഒരു നദിയായി ഒഴുകുകയും ചെയ്യുന്നതുപോലെ വ്യത്യസ്ത വികാരങ്ങളും വിചാരങ്ങളും ഉള്ളവർ വിവാഹനന്തരം ഒന്നായി തീരുന്നു. രണ്ട് വ്യക്തികൾ തമ്മിൽ ഒന്നിച്ച് നീങ്ങണമെങ്കിൽ പരസ്പരം അടുത്തറിയേണ്ടത് ആവശ്യം. ദൈവം കൂട്ടിയോജിപ്പിച്ച പങ്കാളിയുടെ ബലവും ബലഹീനതയും കഴിവും കഴിവുകേടും നന്മയും തിന്മയും രുചിയും അരുചിയും ഇഷ്ടവും അനിഷ്ടവും അറിയുന്നത് ഒരുമിച്ചുള്ള യാത്രയ്ക്ക് ആവശ്യം. എത്രത്തോളം വ്യക്തവും കൃത്യവുമായ അറിവുണ്ടാകുന്നുവോ അത്രത്തോളം യാത്ര സുഗമമാകും. കുടുംബ തകർച്ചകളുടെ കാരണങ്ങളെക്കുറിച്ച് പഠനം നടത്തുന്നവർ കണ്ടെത്തിയത് പരസ്പരം മനസ്സിലാക്കുവാൻ കഴിയാത്തതും തന്മൂലം ഉണ്ടാകുന്ന തെറ്റിദ്ധാരണകളുമാണ് കുടുംബ തകർച്ചയ്ക്ക് കാരണമാകുന്ന വസ്തുതകളിൽ പ്രധാനമായതെന്നാണ്. പങ്കാളിയെ അടുത്തറിയുവാനും മനസ്സിലാക്കുവാനും കഴിഞ്ഞാൽ വിജയകരമായ കുടുംബജീവിതം സാധ്യമാണ്.

**3. പ്രതിസന്ധികളിൽ ദൈവത്തെ മുറുകെ പിടിക്കുക.**

കുടുംബ ബന്ധങ്ങളെ തകർക്കുവാൻ അശ്രാന്ത പരിശ്രമം നടത്തുന്ന പിശാചിനേയും അവന്റെ പ്രവൃത്തികളെയും നേരിടുവാൻ ദൈവാശ്രയം അത്യന്താപേക്ഷിതമാണ്. ഒന്നിച്ചിരിക്കുവാൻ ദൈവം സൃഷ്ടിച്ചാക്കിയ ആദാമിനേയും ഹവ്വയേയും രണ്ട് വഴിയ്ക്കാക്കി മാറ്റി പാപത്തിൽ വീഴിച്ച് കുടുംബ ബന്ധത്തിൽ വിള്ളൽ വീഴ്ത്തിയ ആ പഴയ പാമ്പ് പുതിയ രൂപത്തിലും ഭാവത്തിലും കുടുംബങ്ങളിൽ പ്രവേശിച്ച് ഒന്നിച്ചിരിക്കുന്നവരെ ഭിന്നിപ്പിച്ച് തകർത്തു തരിപ്പണമാക്കി വിലക്കപ്പെട്ട കനികൾ ഭക്ഷിപ്പിച്ച് ദൈവതേജസ്സിൽ നിന്നും അകറ്റിക്കൊണ്ടിരിക്കയാണ്. അപ്രതീക്ഷിത സമയത്ത് പ്രതികൂല കാറ്റുകൾ വീശി അടിക്കാം. എന്നാൽ, കാറ്റിനെ ശാന്തമാക്കുവാൻ കഴിയുന്ന കർത്താവിൽ ആശ്രയിക്കുകയാണ് ജയത്തിനാവശ്യം.

ദൈവവചനത്തിന്റെ അടിസ്ഥാനത്തിൽ പണിയുന്ന കുടുംബം നിലനിൽക്കും. പരസ്പരം മനസ്സിലാക്കി ജീവിച്ചാൽ യാത്ര സുഗമമാകും. വഴിമദ്ധ്യത്തിൽ പ്രതികൂലങ്ങൾ ഉണ്ടാകുമ്പോൾ എല്ലാം നിയന്ത്രിപ്പാൻ കഴിയുന്നവന്റെ ബലമുള്ള കരങ്ങളിൽ അർപ്പിച്ച് യാത്ര തുടരാം. ▲

# ലഭിക്കാതെ പോയ സ്നേഹം

(നാലാം പേജിൽ നിന്ന് തുടർച്ച)

ഭവം പ്രാപിക്കുവൻ കഴിയും, ഇന്നലത്തെ ദു:ഖങ്ങൾ ഇന്നവർക്കൊരു നേട്ടമായി മാറും. അനുഭവങ്ങളിൽ നിന്നുകൊണ്ട് അവർ അനേകരെ യേശുവിൻ നാമത്തിൽ വിടുവിക്കും.

**നിത്യസ്നേഹംകൊണ്ടു ഞാൻ നിങ്ങളെ സ്നേഹിച്ചിരിക്കുന്നു; അതുകൊണ്ട് ഞാൻ നിനക്ക് ദയ ദീർഘമാക്കിയിരിക്കുന്നു** (യിരെ. 31:3).

ബൈബിളിൽ സ്നേഹം എന്നത് കേവലം ഒരു വികാരം മാത്രമല്ല; സ്നേഹം ഒരു വ്യക്തിയാണ്. സ്നേഹം യേശുവാകുന്നു (1യോഹ. 4:8,16). സ്നേഹം ലഭിക്കാതെ വന്ന ശൂന്യതകൾ എല്ലാം ക്രിസ്തുവിനുവേണ്ടിയുള്ള ദാഹമായി തീരണം. യേശുവിനാൽ നമ്മുടെ ശൂന്യതകളെല്ലാം നിറയുവാൻ ഇടയാകും. ഈ ലോകത്തിൽ നമുക്ക് ആരുടെയും സ്നേഹം ലഭിച്ചില്ലായെങ്കിലും ക്രിസ്തുവിന്റെ സ്നേഹം മാത്രം മതി നമ്മുടെ വ്യക്തിത്വം പൂർണ്ണമായി വളരുവാൻ.

**എന്നാൽ, ശമുവേൽ വളർന്നു, യഹോവ അവനോടു കൂടെ ഉണ്ടായിരുന്നു; അവന്റെ വചനങ്ങളിൽ ഒന്നും നിഷ്ഫലമാകുവാൻ ഇടവരുത്തിയില്ല. ദാൻ മുതൽ ബേർ-ശേബവരെ ഉള്ള യിസ്രായേലൊക്കെയും ശമുവേൽ യഹോവയുടെ വിശ്വസ്ത പ്രവാചകൻ എന്നു ഗ്രഹിച്ചു. ഇങ്ങനെ യഹോവ ശീലോവിൽ വച്ച് ശമുവേലിന്നു യഹോവയുടെ വചനത്താൽ വെളിപ്പെട്ടശേഷം യഹോവ വീണ്ടും വീണ്ടും ശീലോവിൽവച്ചു പ്രത്യക്ഷനായി** (1ശമു. 3:19–21).

ശമുവേൽ വളർന്നു എന്നു ഇവിടെ എഴുതിയിരിക്കുന്നു. കേവലം അവന്റെ ശരീരം മാത്രമല്ല വളർന്നത്. തന്റെ പൂർണ്ണ വ്യക്തിത്വവും വളർന്നു. ശമുവേൽ പുരോഹിതനായിത്തീർന്നു, പ്രവാചകനായിത്തീർന്നു, ന്യായാധിപനായിത്തീർന്നു. യിസ്രായേലിലെ പ്രധാനപ്പെട്ട മൂന്നു ശുശ്രൂഷകളിൽ പ്രവേശിച്ച ശമുവേൽ വളരുവാൻ തക്ക സാഹചര്യത്തിലൂടെയാണോ വളർന്നു വന്നത്? അല്ല. തന്റെ കുടുംബ പശ്ചാത്തലം പരിശോധിച്ചാൽ, ശമുവേലിന് അവകാശപ്പെട്ട സ്നേഹം ലഭിച്ചിരുന്നില്ല എന്നു മനസ്സിലാകും. മുലകുടി മാറിയതോടു കൂടി ശമുവേലിനെ ആലയത്തിലാക്കി. പിന്നെ അപ്പനമ്മമാരെ വർഷത്തിലൊരിക്കൽ മാത്രമേ ശമുവേൽ കണ്ടിരുന്നുള്ളു. അന്ന് ഫോണില്ലായിരുന്നു, കാറില്ലായിരുന്നു, കൂടെക്കൂടെ വിളിക്കുവാനും കൂടെക്കൂടെ പോകുവാനും സാദ്ധ്യമല്ലായിരുന്നു. അപ്പന്റെയോ അമ്മയുടെയോ സ്നേഹം ശമുവേലിനു ലഭിച്ചില്ല. പിന്നെ അവൻ എങ്ങനെ വളർന്നു? തന്റെ കൂട്ടുകാരാകേണ്ടിയിരുന്ന ഏലിയുടെ പുത്രന്മാർ ദുഷ്പ്രവൃത്തിക്കാരായിത്തീർന്നു. അവരോട് യാതൊരു കൂട്ടുകെട്ടിനും ശമുവേൽ തുനിഞ്ഞില്ല. അങ്ങനെ ആലയത്തിലും താനൊരു ഏകാന്തപഥികനായിരുന്നു. ദർശനം കുറവായിരുന്ന ആ നാളുകളിൽ കണ്ണു മങ്ങിപ്പോയ ഏലിയിൽ നിന്നു തനിക്കു ഒന്നും ലഭിച്ചില്ല. പിന്നെ എങ്ങനെയാണ് അവൻ വളർന്നത്? അവന്റെ വളർച്ചയുടെ രഹസ്യം ഒളിഞ്ഞു കിടക്കുന്നത് യഹോവയുടെ പ്രത്യക്ഷതയിലാണ്. ഒരു ദിവസം രാത്രി യഹോവ ശമുവേലിനെ വിളിച്ചു. അവന് അപരിചിതമായിരുന്നു ആ ശബ്ദം.

ശമുവേൽ അന്നുവരെ യഹോവയെ അറിഞ്ഞില്ല; യഹോവയുടെ വചനം അവനു അന്നുവരെ വെളിപ്പെട്ടതുമില്ല (1ശമു. 3:7).

"അടിയൻ" എന്നു അവൻ വിളികേട്ടു ഏലിയുടെ അടുക്കൽ ഓടിച്ചെന്നു (1ശമു. 3:4).

ദർശനം നഷ്ടപ്പെട്ട ഏലി ദൈവശബ്ദം തിരിച്ചറിഞ്ഞില്ല. ഏലി യഹോവയുടെ ശബ്ദം തിരിച്ചറിഞ്ഞത് മൂന്നാം പ്രാവശ്യം മാത്രമായിരുന്നു. അതിനാൽ ശമുവേലിനു യഹോവയുടെ വിളി സ്വീകരിക്കുന്നതിന് കാലതാമസം വന്നു. നാലാം പ്രാവശ്യം മാത്രമാണ് ശമുവേലിന്, യഹോവേ, അരുളിച്ചെയ്യേണമേ, അടിയൻ കേൾക്കുന്നു എന്നു പറയുവാൻ കഴിഞ്ഞത്. ഇന്നും ദർശനം നഷ്ടപ്പെട്ട തലമുറ അടുത്ത തലമുറയുടെ വിളിക്കു തടസ്സം നിൽക്കുന്നു.

ശമുവേലിന് ഉണ്ടായ യഹോവയുടെ പ്രത്യക്ഷത ഒരിക്കൽ മാത്രം സംഭവിച്ച കാര്യമല്ല. അതിനുശേഷം കൂടെക്കൂടെ ഇതാവർത്തിക്കപ്പെടുന്നു. ആരായിരുന്നു ശമുവേലിന്റെ അരികിൽ വന്നത്? 1ശമു. 3:21ൽ യഹോവയുടെ വചനത്താൽ ശമുവേലിനു വെളിപ്പെട്ടു എന്നു രേഖപ്പെടുത്തിയിരിക്കുന്നു. യേശുവാണ് ദൈവവചനം. ശമുവേലിനു പ്രത്യക്ഷപ്പെട്ടതു മറ്റാരുമല്ല നമ്മുടെ യേശുവായിരുന്നു. പഴയനിയമത്തിലെ യേശുവിന്റെ അനേകം പ്രത്യക്ഷതകളിൽ ഉള്ള ഒരു പ്രധാനപ്പെട്ട പ്രത്യക്ഷതയാണിത്.

(ശേഷം രണ്ടാം പേജിൽ)


## വരിസംഖ്യ

വരിസംഖ്യ നിരക്ക് ഒരുവർഷത്തേക്ക്

| | |
|---|---|
| ഇന്ത്യയിൽ | :36 രൂപ, |
| ഗൾഫ് | :300 രൂപ, |
| യു.എസ് | :10 $, |
| കാനഡ | :10 $ |


## ക്ഷണിക്കുന്നു

*വിശ്വാസി*യിൽ പ്രസിദ്ധീകരിക്കുന്നതിന് ലേഖനങ്ങൾ, കവിതകൾ,വാർത്തകൾ, ഭാവനകൾ,ചെറുകഥകൾ എന്നിവ ക്ഷണിച്ചുകൊള്ളുന്നു.

*–പത്രാധിപർ*

## വായനക്കാരുടെ ശ്രദ്ധയ്ക്ക്....

1. *വിശ്വാസി* പി.ഡി.എഫ്. ഫോർമാറ്റിൽ ലഭ്യമാകുവാൻ താല്പര്യമുള്ളവർ തങ്ങളുടെ ഇ-മെയിൽ വിലാസം അയച്ചുതരേണ്ടതാണ്.

2. **www.indianchristianmission.com** എന്ന വെബ്സൈറ്റിന്റെ VISWASI എന്ന ലിങ്കിൽ പോയി മാസിക ഡൗൺലോഡ് ചെയ്യാവുന്നതാണ്.

3. ഐ.സി.എം. നടത്തുന്ന സവിശേഷ പരിപാടികളുടെ വീഡിയോ ക്ലിപ്പിങ്ങുകൾ യൂട്യൂബിൽ ICM Delhi എന്ന് ടൈപ്പ് ചെയ്താൽ ലഭ്യമാകും.

www.indianchristianmission.com, www.icmvideo.blogspot.in എന്നീ സൈറ്റുകളിൽ യ്യൂട്യൂബിന്റെ ലിങ്ക് നൽകിയിട്ടുണ്ട്.

4. *വിശ്വാസി*യുടെ പത്രാധിപലേഖനങ്ങൾ www.viswasi.blogspot.com ൽ ലഭ്യമാണ്.

87, Tenement-II, RBTB Hospital,
Kingsway Camp, Delhi-110009
India

# VISWASI

POSTAL REGN.NO.D L 07 / 0138 / 12 - 14
NEWSPAPER REGN. No. 65362 / 97
*Price Rs. 3/-*

Tel : 011- 27658810, Fax : 91-11-27658810, e-mail : icm4india@yahoo.com, website- www.indianchristianmission.com

*ആന്തരിക സൗഖ്യം*

## ലഭിക്കാതെ പോയ സ്നേഹം

*(കഴിഞ്ഞ ലക്കത്തിൽ നിന്നും തുടർച്ച...)*



**ഫിന്നി സ്റ്റീഫൻ സാമുവൽ**
**അരുണാചൽ പ്രദേശ്**

**വൈകാരിക പ്രതികരണങ്ങൾ** (Emotional Reactions)

മുകളിൽ പറഞ്ഞ കാരണങ്ങളാൽ സ്നേഹം ലഭിക്കാതെ വരുമ്പോൾ മനസിൽ ചില പ്രതികരണങ്ങൾ ഉണ്ടാകും. രണ്ട് നിലയിലുള്ള പ്രതികരണങ്ങളാണ് സാധാരണ ഉണ്ടാകാറുള്ളത്.

1. വേദന പുറത്തേക്ക് തള്ളുന്നു.
2. വേദന ഉള്ളിലൊതുക്കുന്നു.

ആന്തരിക മുറിവുകളുണ്ടാക്കുന്ന വേദനകളെ ഒരു വ്യക്തി പുറത്തേക്കു തള്ളുമ്പോൾ (ബഹിഷ്ക്കരിക്കുമ്പോൾ) അദ്ദേഹം സമൂഹത്തിനു ഒരു പ്രശ്നമായി തീരും. സമൂഹത്തിനു തലവേദന സൃഷ്ടിക്കുന്ന റൗഡികളും, ഗുണ്ടകളും, മദ്യപാനികളുമൊക്കെ ലഭിക്കാതെ പോയ സ്നേഹത്തിന്റെ അനന്തരഫലങ്ങളാണ്.

പരോളിൽ ഇറങ്ങിയ, കൊലപാതക കുറ്റത്തിന് ശിക്ഷിക്കപ്പെട്ട ഒരു മനുഷ്യനെ ഒരിക്കൽ ഞാൻ കണ്ടു, നിങ്ങളുടെ ബാല്യം എങ്ങനെയായിരുന്നു എന്ന് ഞാൻ ചോദിച്ചു, "എന്റെ ബാല്യമാണ് എന്നെ ഒരു കൊലപാതകി ആക്കിത്തീർത്തത്", ഉടനടി അദ്ദേഹം മറുപടി പറഞ്ഞു. അയാളുടെ അപ്പൻ ഒരു കള്ളുഷാപ്പിലെ ജോലിക്കാരനായിരുന്നു. എന്നും വൈകുന്നേരം കള്ളുകുടിച്ച് "എടാ കഴുതേ" എന്നു വിളിച്ചു വരുന്ന അപ്പൻ തന്നിലുണ്ടാക്കിയ മുറിവുകളുടെ വേദന താൻ പുറത്തേക്ക് തള്ളി. അതിന്റെ പരിണിത ഫലമോ കള്ളുകുടിയനായ അപ്പനെ കണ്ടു താൻ ഓടിപ്പോയില്ല. പകരം അപ്പനോട് താൻ എതിർത്തുനിന്നു. അയാൾ പറഞ്ഞു, "ഞാൻ അപ്പനെ ചീത്ത വിളിച്ചാണ് ചീത്ത വിളിക്കാൻ പഠിച്ചത്. അപ്പനെ കല്ലെറിഞ്ഞാണ് കല്ലെറിയാൻ പഠിച്ചത്. അപ്പനെ അടിച്ചാണ് അടിക്കാൻ പഠിച്ചത്". അവസാനം അയാൾ അപ്പനെ കുത്തിയിട്ട് വീടുവിട്ട് ഓടിപ്പോയി. ഒരു തെരിവു ഗുണ്ടയായി. ആന്തരിക മുറിവുകൾ ഉണ്ടാക്കുന്ന വേദന പുറത്തേക്കു തള്ളിയാൽ സാമൂഹിക പ്രശ്നങ്ങൾ ഉണ്ടാകും. ഇന്നു നാം സമൂഹത്തിൽ കാണുന്ന അനേക സംഘർഷങ്ങൾ മുറിയപ്പെട്ട മനസ്സുകളിൽ നിന്നാണ് പുറപ്പെടുന്നത്. അതുകൊണ്ട് ഇന്ന് നമ്മുടെ സമൂഹത്തിന്റെ മനസ്സ് തന്നെ മുറിയപ്പെട്ടിരിക്കുന്നു. ഒരു സമൂഹമായിത്തന്നെ യേശുവിങ്കലേക്ക് തിരിയാതെ സമൂഹത്തിൽ സൗഖ്യം നടക്കില്ല. ഉണർവ്വ് നടന്ന സമൂഹങ്ങളിൽ കൊലപാതകം, മദ്യപാനം മുതലായ സങ്കീർണ്ണ പ്രശ്നങ്ങൾ യേശുവിനാൽ അപ്രത്യക്ഷമായത് ചരിത്രസത്യമാണ്. അത് ഇന്നും സംഭവിക്കും. യേശു നമ്മുടെ സമൂഹങ്ങളെ സൗഖ്യമാക്കും.

> *ആന്തരിക മുറിവുകളുണ്ടാക്കുന്ന വേദനകളെ ഒരു വ്യക്തി പുറത്തേക്കു തള്ളുമ്പോൾ അദ്ദേഹം സമൂഹത്തിനു ഒരു പ്രശ്നമായി തീരും. സമൂഹത്തിനു തലവേദന സൃഷ്ടിക്കുന്ന റൗഡികളും, ഗുണ്ടകളും, മദ്യപാനികളുമൊക്കെ ലഭിക്കാതെപോയ സ്നേഹത്തിന്റെ അനന്തരഫലങ്ങളാണ്*

ലഭിക്കാതെ പോയ സ്നേഹം മൂലം ഉണ്ടാകുന്ന ആന്തരിക മുറിവുകളുടെ വേദന ചിലർ അവരുടെ ഉള്ളിൽ തന്നെ ഒതുക്കുന്നു. പുറത്തേക്ക് വിടാതെ അകത്തുതന്നെ ഒതുക്കി വയ്ക്കുന്നവരിൽ വൈകാരിക സംഘർഷങ്ങൾ പ്രകടമാകും. സ്നേഹം ലഭിക്കാതെ വളർന്നവരിൽ താഴെ പറയുന്ന വൈകാരിക പ്രശ്നങ്ങൾ ഉണ്ടാകുവാൻ സാധ്യതയുണ്ട്. ഒരാളിന്റെ സ്നേഹം തനിക്ക് മാത്രമേ ലഭിക്കാവു എന്ന നിർബന്ധം (Possessiveness) അവർക്ക് ഉണ്ടാകും. ഇങ്ങനെയുള്ളവർ വേഗത്തിൽ പ്രേമബന്ധത്തിൽ കുടുങ്ങും. ദുശ്ശീലങ്ങളും, കമ്പ്യൂട്ടർ, ഇന്റർനെറ്റ് തുടങ്ങിയതിനോടുള്ള അടിമത്വവും ഇവരിൽ വെളിപ്പെടും. തങ്ങൾക്ക് ലഭിക്കുന്ന അനുഗ്രഹങ്ങൾ, തങ്ങളുടെ സ്നേഹിതന്മാർ തുടങ്ങിയവ നഷ്ടപ്പെട്ടുപോകുമോ എന്ന ഒരു ഭീതി അവരെ ഭരിക്കാം. ഇവർ ഒത്തിരി പകൽക്കിനാവു കാണുന്നവർ ആയിരിക്കും. മരിച്ചുപോയ തങ്ങളുടെ മാതാപിതാക്കൾ മടങ്ങിവരുമെന്നുപോലും അവർ സ്വപ്നം കാണും.

അപ്പൻ മരിച്ചുപോയ ഒരു പെൺകുട്ടി സ്വപ്നത്തിൽ അവളുടെ അപ്പനെ കാണുമായിരുന്നു. സ്വപ്നത്തിൽ അപ്പനെ കണ്ടാൽ അതിനുശേഷം ദീർഘദിവസങ്ങൾ അവൾ പൂർണ്ണ നിശബ്ദയായി ആരോടും ഒന്നും സംസാരിക്കാതിരിക്കും. ആഴ്ചകൾ കഴിഞ്ഞേ അവൾ സാധാരണ നിലയിലാകാറുള്ളു. വീണ്ടും സ്വപ്നത്തിൽ അപ്പനെ കണ്ടാൽ ഇതു തന്നെ ആവർത്തിക്കും. മരിച്ചവരെ സ്വപ്നത്തിൽ കാണുന്നത് ഒന്നുകിൽ പ്രാണബന്ധം (ungodly soul-tie) മൂലമാണ്, അല്ലെങ്കിൽ അത് പൈശാചികമാണ്. പ്രാണബന്ധം മൂലമാകുന്നുവെങ്കിൽ, മരിച്ചുപോയ ആ വ്യക്തിയുമായുള്ള ungodly soul-tie മുറിച്ചു പ്രാർത്ഥിക്കണം. പൈശാചികം എങ്കിൽ, സ്വപ്നത്തിൽ ദുരാ ത്മാക്കളുടെ കടന്നുകയറ്റമാണെന്നു മനസ്സിലാക്കി യേശുവിൻ നാമത്തിൽ അവയെ ശാസിച്ചു ജയം എടുക്കണം. ആ പെൺകുട്ടിക്കുവേണ്ടി പ്രാർത്ഥിച്ചപ്പോൾ ദുരാത്മാക്കൾ വിട്ടുപോകയും അവൾ സൗഖ്യം പ്രാപിക്കുകയും ചെയ്തു.

ആന്തരിക മുറിവുകളെ അകത്തൊതുക്കി അകത്തു ദണ്ഡനങ്ങൾ അനുഭവിക്കുന്നവരെ യേശു പൂർണ്ണമായും സൗഖ്യമാക്കും. മാത്രമല്ല അവർ ഏതു മേഖലയിൽ സംഘർഷം അനുഭവിച്ചോ അതിന്റേമേൽ അവർക്കൊരു അസാധാരണ അനു

**(ശേഷം മൂന്നാം പേജിൽ)**

## ഇന്ത്യൻ ക്രിസ്ത്യൻ മിഷൻ

1. സഭാ സ്ഥാപനം (ഫെയ്ത്ത് ഫെലോഷിപ്പ് ചർച്ച്- ഡൽഹി, ബീഹാർ, കേരളം)
2. ഫെയ്ത്ത് സെലിബ്രേഷൻ ബൈബിൾ കോളജ് (കേരളം)
3. ഇന്ത്യൻ ക്രിസ്ത്യൻ മിഷൻ സ്കൂളുകൾ (ബീഹാർ)
4. കോച്ചസ് ചൈൽഡ് ഡെവലെപ്പ്മെന്റ് സെന്റർ (ബീഹാർ)
5. ഫെയ്ത്ത് സീയോൻ സിംഗേഴ്സ് (കേരളം)
6. വിശ്വാസി പബ്ളിക്കേഷൻസ്
7. മ്യൂസിക്കൽ സി.ഡികൾ (സ്നേഹധ്വനി, സ്നേഹധാര, സ്നേഹനാഥൻ, കൺവൻഷൻ ഗാനങ്ങൾ, സ്നേഹമാധുരി, പ്രേംവാണി (ഹിന്ദി)

**ഈ പ്രവർത്തനങ്ങളിൽ നിങ്ങൾക്കും പങ്കാളികളാകാം**

1. ഇന്ത്യൻ ക്രിസ്ത്യൻ മിഷന്റെ പ്രവർത്തനങ്ങളെക്കുറിച്ചുള്ള നിങ്ങളുടെ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും ഞങ്ങളെ അറിയിക്കുക
2. ഇന്ത്യൻ ക്രിസ്ത്യൻ മിഷന്റെ പ്രവർത്തനങ്ങളെ ഓർത്ത് ദിവസവും പ്രാർത്ഥിക്കുക
3. ഇന്ത്യൻ ക്രിസ്ത്യൻ മിഷന്റെ പ്രവർത്തനങ്ങളെ മറ്റുള്ളവർക്ക് പരിചയപ്പെടുത്തുക
4. ഇന്ത്യൻ ക്രിസ്ത്യൻ മിഷന്റെ പ്രവർത്തനങ്ങളെ സാമ്പത്തികമായി സഹായിക്കുക

**സംഭാവനകൾക്ക് ആദായനികുതി ഇളവ് ലഭിക്കുന്ന രസീത് നൽകുന്നതാണ്.**

INDIAN CHRISTIAN MISSION
87, TENEMENT-II, RBTB HOSPITAL, KINGSWAY CAMP, DELHI-110009
Ph: (011)- 27658810, E-mail: icm4india@yahoo.com, Website: www.indianchristianmission.com

വേദവിചാരം

## ദാസഗീതങ്ങളിലെ ദൗത്യബോധനം



**പാസ്റ്റർ ബിജു ബഞ്ചമിൻ**

ഉൽപ്പത്തി 12-ാം അദ്ധ്യായം വേദപുസ്തക ചരിത്രത്തിലും യിസ്രായേൽ ചരിത്രത്തിലും ഉയർന്നു നിൽക്കുന്ന നാഴികകല്ലാണ്. അബ്രഹാമിനെ ദൈവം വിളിക്കുന്നതും തെരഞ്ഞെടുക്കുന്നതുമായ ചരിത്രസംഭവമാണ് അവിടെ രേഖപ്പെടുത്തിയിരിക്കുന്നത്. കൽദയരുടെ പട്ടണമായ ഊരിൽ നിന്നും തേരഹിന്റെ മകനായ അബ്രാമിനെ ദൈവം വിളിച്ചു. ദൈവിക വിളി കേട്ട് ഇറങ്ങിത്തിരിച്ച അബ്രഹാം അനുഗ്രഹത്തിന്റെ പര്യായപദമായി മാറി. യെഹൂദരും, ഇസ്ലാമ്യരും ക്രൈസ്തവരും ആദരപൂർവ്വം സ്മരിക്കുകയും ബഹുമാനിക്കുകയും ചെയ്യുന്ന നാമമായി അത് മാറി. യെഹൂദരുടെ പിതാവെന്ന നിലയിലും വിശ്വാസികളുടെ പിതാവെന്ന നിലയിലും അബ്രഹാം തിരുവെഴുത്തുകളിൽ മുഴുവൻ നിറഞ്ഞു നിൽക്കുന്നു (ജി. സുശീലൻ, ശബ്ദസാഗരം). ഉൽപ്പത്തി 12 മുതലുള്ള ചരിത്രം അബ്രഹാമിന്റെയും പിൻതലമുറക്കാരുടേതുമത്രേ. അബ്രഹാമിന്റെ വിളിയിൽ വ്യക്തിപരവും ഒപ്പം സാർവ്വത്രികവുമായ പരിഗണനകൾ നമുക്ക് കാണുവാൻ കഴിയും. വ്യക്തിപരമായ വിളിയിലൂടെ അബ്രഹാമിന്റെ കുടുംബം ദൈവിക പദ്ധതിയുടെ വാഹകരായി തീരുകയാണ്. വിളി വ്യക്തിപരമായിരുന്നെങ്കിലും അതിന്റെ സ്വാധീനം സാർവ്വത്രികമായിരുന്നു. സകല വംശങ്ങളെയും ഉൾക്കൊള്ളുന്ന വിപ്ലവകരമായ ഒരു മുന്നേറ്റത്തിന്റെ കാഹളധ്വനിയായിരുന്നു അത്. ജി.ഡബ്ല്യു. പീറ്റേഴ്സിന്റെ അഭിപ്രായത്തിൽ ഇരുട്ടിന്റെ ശക്തികളെ ബന്ധിച്ച് ദൈവിക ഉദ്ദേശങ്ങളും കൃപാകരമായ രക്ഷണ്യ പദ്ധതികളും വെളിപ്പെടുത്തുവാൻ വിഭാവനം ചെയ്യപ്പെട്ട ദൈവിക പ്രതിസംസ്കാരത്തിന്റെ ആരംഭമായിരുന്നു അബ്രഹാമിന്റെ വിളി.

ദൈവം അബ്രഹാമിനെ വിളിച്ചത് യിസ്രായേലിന്റെ തെരഞ്ഞെടുപ്പിൽ കലാശിക്കുന്നു. തന്റെ പദ്ധതികളുടെ പൂർത്തീകരണത്തിനായി ഒരു പ്രത്യേക ജനവിഭാഗത്തെ ദൈവം തെരഞ്ഞെടുക്കുന്നു. ദൈവത്തിന്റെ സാർവ്വ ലൗകിക കർത്തൃത്വമാണ് ഇവിടെ കാണുവാൻ കഴിയുന്നത്. ഭൂതലത്തിലുള്ള സകല ജാതികളിലും വച്ച് യിസ്രായേലിനെ തനിക്ക് സ്വന്തജനമായിരിക്കേണ്ടതിന് ദൈവമായ യഹോവ തെരഞ്ഞെടുത്തു. അവർ സംഖ്യയിൽ സകല ജാതികളെക്കാളും പെരുപ്പമുള്ളവർ ആയിരുന്നതിനാലല്ല ദൈവം അവരെ തെരഞ്ഞെടുത്തത് (ആവ. 7:6-8). ദൈവം അവരെ സ്നേഹിച്ചതുകൊണ്ടും അബ്രഹാമിനോടുള്ള വാഗ്ദാനം പാലിച്ചതിനാലുമാണ്. യിസ്രായേലിന്റെ തെരഞ്ഞെടുപ്പ് സേവനോന്മുഖമായ ഒന്നായിരുന്നു. ശുശ്രൂഷയ്ക്കായി അവരെ തെരഞ്ഞെടുത്തു. യിസ്രായേലിനെ ദൈവം അനുഗ്രഹിച്ചു (ഉല്പ. 28:14). അനുഗ്രഹത്തിന്റെ ഉദ്ദേശം കാലാകാലങ്ങളിൽ അവരെ അറിയിക്കുകയും ചെയ്തു. കുരുട്ടുകണ്ണുകളെ തുറപ്പാനും ബദ്ധന്മാരെ കുണ്ടറയിൽ നിന്നും, അന്ധകാരത്തിൽ ഇരിക്കുന്നവരെ കാരാഗൃഹത്തിൽ നിന്നും വിടുവിപ്പാനും യഹോവയായ ഞാൻ നിന്നെ നീതിയോടെ വിളിച്ചിരിക്കുന്നു (യെശ. 42:6,7). യിസ്രായേലേ നീ എന്റെ ദാസൻ; ഞാൻ നിന്നിൽ മഹത്വീകരിക്കപ്പെടും.... (യെശ. 49:3-6) എന്നു തുടങ്ങി യിസ്രായേലിന്റെ ദൗത്യമാണ് ദൈവം പ്രഖ്യാപിക്കുന്നത്. യിസ്രായേൽ ഒരു ദൗത്യം ഭരമേൽപ്പിക്കപ്പെട്ട ജാതിയായ് ലോകത്തിന് വെളിച്ചം പകരേണ്ട പ്രകാശ ഗോപുരമായി സാർവ്വത്രികമായ ഉദ്ദേശമുള്ള പ്രത്യേക ജനമായി മാറി.

ദൈവത്തിന്റെ വിശാലമായ പദ്ധതികളുടെ വലിപ്പം തിരിച്ചറിയുന്നതിൽ യിസ്രായേൽ പലവുരു പരാജയപ്പെട്ടു. വീണ്ടും വീണ്ടും ദൈവം അവരെ തങ്ങളുടെ ദൗത്യം വിളിച്ചറിയിച്ചു. ദൈവിക വീണ്ടെടുപ്പിൻ പദ്ധതിയുടെ സമൃദ്ധമായ ഇതിവൃത്തമാണ് ദാസഗീതങ്ങളിൽ നമുക്ക് കാണുവാൻ കഴിയുന്നത്. യെശയ്യാ പ്രവചനത്തിന്റെ രണ്ടാം പകുതിയിലെ നാലുഭാഗങ്ങളെയാണ് ദാസഗീതങ്ങൾ എന്നറിയപ്പെടുന്നത്. (യെശ. 42:1-4; 49:1-6; 50:4-9; 52:13-53:12). പ്രവചനത്തിന്റെ ഇതരഭാഗങ്ങളിലെല്ലാം യിസ്രായേലിനെ യഹോവയുടെ ദാസനായി ചിത്രീകരിച്ചിരിക്കുന്നു. ദാസഗീതങ്ങളിൽ ഈ പരിഗണന മേൽ വിവരിച്ച ഭാഗങ്ങളിൽ കാണുവാൻ കഴിയുന്നില്ല. യിസ്രായേൽ തങ്ങളുടെ ദൗത്യനിർവ്വഹരണത്തിൽ പരാജയപ്പെട്ടപ്പോൾ ദൈവം തന്റെ ദാസനെ തെരഞ്ഞെടുത്തു എന്നു കാണുന്നു. ദാസഗീതങ്ങളിലെ ദാസൻ മശിഹായാണെന്ന് പണ്ഡിതന്മാർ അഭിപ്രായപ്പെടുന്നു (ബൈബിൾ കമന്ററി, 1979). ദൈവിക പദ്ധതികൾ കർത്താവായ യേശുക്രിസ്തുവിന്റെ ജനനം- ജീവിത- മരണം- ഉത്ഥാനത്തിലൂടെ പൂർത്തീകരിക്കപ്പെടുന്നതായി തിരുവചനം സാക്ഷിക്കുന്നു.

ഈ കാലഘട്ടത്തിൽ ദൈവിക പദ്ധതിയുടെ വാഹകരും പ്രഘോഷകരുമായി ദൈവം നമ്മെ തെരഞ്ഞെടുത്തിരിക്കുന്നു. കാൽവരിയിൽ യേശു ചിന്തിയ തിരുനിണം നമ്മെ ശുദ്ധീകരിക്കുകയും അവന്റെ യാഗമരണം നമ്മെ നിത്യരക്ഷയുടെ പടിവാതിൽക്കൽ എത്തിക്കുകയും ചെയ്തു. അവനെ കൈക്കൊണ്ട് അവന്റെ നാമത്തിൽ വിശ്വസിച്ച് ദൈവമക്കളാകുവാൻ ദൈവം നമുക്ക് അവകാശവും നൽകി, രാജകീയ പുരോഹിതരായും സ്വന്തജനമായും നമ്മെ ആക്കിവച്ചിരിക്കുന്നു. നമ്മുടെ ദൗത്യം ഇന്നത്തെ ലോകത്തിന്റെ വിളക്കുതണ്ടുകളാവുക എന്നുള്ളതാണ്. ഇരുട്ടു നിറഞ്ഞ ഈ ലോകം നമ്മിലൂടെ ക്രിസ്തുവിന്റെ വെളിച്ചം കാണട്ടെ. നമ്മെ ഏൽപ്പിച്ചിരിക്കുന്ന ദൗത്യം മറന്നു പോകുന്നു എന്നു അറിയുമ്പോൾ ദാസഗീതങ്ങളുടെ സന്ദേശം നമുക്ക് ചൂണ്ടുപലകയായിത്തീരട്ടെ.

*Edited, Printed, Published and Owned by Pastor M. Samuelkutty, 87 Tenement-II, RBTB Hospital, Delhi-9, at New Life Printers (P) Ltd, Delhi-9, Tel : 32607442*